# ഡയറ്റ് കണ്ണൂർ

# മുകുളം എസ്.എസ്.എൽ.സി.മാതൃകാപരീക്ഷ-2022

## മലയാളം പേപ്പർ 1

## കേരളപാഠാവലി

**സമയം: ഒന്നരമണിക്കൂർ** **സ്കോർ: 40**

..............................................................................................................................................

**പൊതുനിർദ്ദേശങ്ങൾ :**

- **ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.**
- **Part A യിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽ നിന്നും Part B യിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയക്ക് പുറത്തു നിന്നുമാണ് നൽകിയിരിക്കുന്നത്.**
- **ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, അതതു ചോദ്യ വിഭാഗങ്ങൾക്കു നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്നിവ പരിഗണിക്കണം.**

..............................................................................................................................................

PART - I

A വിഭാഗം

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(ഒരു സ്കോർ വീതം.)** **(4 x 1 = 4)**

**1.** "ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടല്ല. അതു പാവങ്ങളുടെയാണ് "- മെത്രാന്റെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്?

*** വെള്ളി സാമാനങ്ങൾ പാവങ്ങളിൽ നിന്ന് കടം കൊണ്ടതാണ്.**

*** വിലപിടിപ്പുള്ള വസ്തുക്കൾ ഒരാളുടേതു മാത്രമായി സൂക്ഷിച്ചു വെക്കുന്നത് ശരിയല്ല.**

*** വെള്ളിപാത്രങ്ങളിലാണ് പാവങ്ങൾ ആഹാരം കഴിക്കേണ്ടത്.**

*** ഉടമ താനാണെങ്കിലും പാവങ്ങൾക്ക് കടം കൊടുക്കും.**

**2.** വിഗ്രഹിച്ചെഴുതുക

സ്ഥലകാലങ്ങൾ

*** സ്ഥലവും കാലവും**

*** സ്ഥലമാകുന്ന കാലം**

*** സ്ഥലത്തിലെ കാലം**

*** സ്ഥലത്തോടുള്ള കാലം**

**3.** "പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ" - ഇവിടെ ദിവാകരൻ സൂചിപ്പിക്കുന്നതെന്ത്?

*** ഞാൻ കാണാൻ ആഗ്രഹിക്കുന്നത് ഇളംകുരുന്നായ നളിനിയെയാണ്.**

*** വല്ലിയോടുള്ള താല്പര്യമില്ലായ്മ.**

*** നളിനി അപ്പോഴും ഇളംകുരുന്നിനെപ്പോലെയായിരുന്നു.**

*** നളിനിക്ക് വലിയ രൂപമാറ്റം വന്നിരിക്കുന്നു.**

**4.** "പാഴുതറയിലെ അമ്പതിൽ ചില്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു. " - ഈ പ്രയോഗത്തിലൂടെ കഥാകൃത്ത് പറയാൻ ശ്രമിക്കുന്നതെന്ത്?

*** കുടുംബത്തിന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി മാറി.**

*** പഴുതറയിലുള്ളവർ വിഷാദവാന്മാരായിരുന്നു.**

***വെള്ളായിയപ്പൻ പഴുതറ ഗ്രാമത്തിന്റെ ദുഃഖമാണ്.**

***പാഴുതറയിൽ അമ്പതിൽ ചില്വാനം വീടുകളേ ഉണ്ടായിരുന്നുള്ളൂ.**

5. "ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ" _ പുഷ്കരന്റെ ഈ സംഭാഷണത്തിൽ തെളിയുന്ന ഭാവമെന്ത്?

***നിരാശ**

***അഭിമാനം**

***പരിഹാസം**

*** അഹങ്കാരം**

6. " അതുകൊണ്ട് നിന്നെ ശസ്ത്രം കൊണ്ട് കൊന്നുകൂടാ." - അശ്വത്ഥാമാവ് ഇങ്ങനെ പറഞ്ഞതിനു കാരണമെന്ത്?

*** ധൃഷ്ടദ്യുമ്നൻ യുദ്ധക്ഷീണിതനായിരുന്നതിനാൽ**

*** അശ്വത്ഥാമാവ് ഗുരുപുത്രനായതിനാൽ**

*** ധൃഷ്ടദ്യുമ്നൻ ഗുരുഘാതിയായതിനാൽ**

*** അശ്വത്ഥാമാവ് ബ്രാഹ്മണനായതിനാൽ**

**B വിഭാഗം**

**7 മുതൽ 9 വരെയുള്ള എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക.(1 സ്കോർ വീതം.)** **(3x 1 = 3 )**

7. " ഇത് നിലമുഴുന്നതുപോലെയോ പാറപൊട്ടിക്കുന്നതു പോലെയോ അല്ല. ഇത് ആത്മാവിന്റെ വെളിപാടാണ്. " _ ദസ്തയേവ്സ്കി ഇവിടെ പരാമർശിക്കുന്നത് എന്തിനെക്കുറിച്ചാണ് ?

*** കൃഷി ചെയ്യുന്നതിനെ**

*** പ്രഭാതത്തിലുള്ള യാത്രയെ**

*** സാഹിത്യരചനയെ**

*** നിത്യേനയുള്ള പ്രാർഥനയെ**

8. 'എന്നാൽ സന്താമായി ഒരു 'മഹാർ' ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പു തുന്നാൻ കൂട്ടാക്കിയില്ല. ' - ഈ അനുഭവാഖ്യാനത്തിൽ നിന്നും വ്യക്തമാവുന്നതെന്ത്?

*** സന്താമായി മഹർ ആണെന്നതിൽ അഭിമാനിച്ചിരുന്നു.**

*** ചെരുപ്പുകുത്തി ജോലിത്തിരക്കിലായിരുന്നു.**

*** അന്ന് പലതരത്തിൽ ജാതിവിവേചനം നിലനിന്നിരുന്നു.**

***സന്താമായിയോട് ചെരുപ്പുകുത്തിക്ക് വിദ്വേഷമായിരുന്നു.**

9. 'ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.ഇല്ല എന്ന വാക്കിന് എല്ലാവിധത്തിലുമുള്ള ധ്വനിയും പേറാവുന്ന ഒരുത്തരം അയാളുടെ ഹൃദയത്തെ വേവിക്കാൻ തുടങ്ങി' - ഈ വരികളിലൂടെ കഥാകൃത്ത് ആവിഷ്കരിക്കാൻ ശ്രമിക്കുന്നതെന്ത്?

*** മിറൽ അനുഭവിക്കുന്ന ഏകാന്തത**

*** ശീതകാലത്തിന്റെ അസഹനീയത**

*** മിറലിന്റെ തീവ്രമായ ആന്തരിക സംഘർഷങ്ങൾ**

***തണുപ്പിനെ മറികടക്കാൻ തീക്കായണമെന്ന മോഹം.**

## PART- II

**A വിഭാഗം**

**ചുവടെ നല്കിയിരിക്കുന്ന ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(2 സ്കോർ)** **(1 X 2 = 2)**

10. "എന്നാൽ വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ." - ദുഷ്ഷന്തന്റെ ഈ വാക്കുകളിൽ സൂചിതമായിരിക്കുന്നതെന്ത്?വ്യക്തമാക്കുക.

**B വിഭാഗം**

**11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(രണ്ടുസ്കോർ)** **(1 x 2 = 2)**

11. "മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ 'എന്റെ ആദ്യത്തെ ഗുരുനാഥ.'

-എസ്.കെ പൊറ്റെക്കാട്ട് , വൃദ്ധയെ "ആദ്യത്തെ ഗുരുനാഥ' എന്ന് വിശേഷിപ്പിച്ചതിന്റെ ഔചിത്യമെന്ത്?

**12.** "ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ "
-വരികളിൽ തെളിയുന്ന സർഗ്ഗശക്തിയെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാടു കണ്ടെത്തി എഴുതുക.

## PART - III

### A വിഭാഗം

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക.**
**(മൂന്നു സ്കോർ വീതം.)** **(3 x 3 = 9)**

**13.** "ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമവ്യവസ്ഥ മാത്രമല്ല, തെറ്റുകുറ്റങ്ങൾക്ക് മാപ്പു നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥകൂടി ലോകത്തുണ്ട്."( ഇ.ഹരികുമാർ)
ഈ പ്രസ്താവനയെ മുൻനിർത്തി മെത്രാന്റെ പ്രവൃത്തിയെ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**14.** "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ "
ഈ വരികളിലെ ജീവിതദർശനത്തിന്റെ സമകാലിക പ്രസക്തിയെക്കുറിച്ച് ലഘുകുറിപ്പ് എഴുതുക.

**15.** *'ഇനി നിനക്കുതരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ. തുവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ച്'.
* " യജമാനന്മാരേ....എന്റെ കൈയിൽ പണമില്ല "
വെള്ളായിയപ്പന്റെ ജീവിതദുരന്തം കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് കുറിപ്പ് തയാറാക്കുക.

**16.** "വൈരി വൈരസേനിക്കിഹ ഞാൻ കലി
തവ ഞാൻ മിത്രം , തസ്യ നാടു ഞാൻ തേ തരുന്നു. "
ഈ വാക്കുകളിൽ തെളിയുന്ന കലിയുടെ മനോഭാവമെന്തെന്ന് വിശകലനം ചെയ്യുക.

### B വിഭാഗം

**ചുവടെ നല്കിയിരിക്കുന്ന ചോദ്യത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക.**
**(3 സ്കോർ.)** **(1 X 3 = 3)**

**17.** "മാപ്പുനൽകുകെൻ പ്രിയ
മൈക്കലാഞ്ജലോ , മാപ്പ്
മാപ്പി,വർ ചെയ്യുന്നതെ-
ന്തെന്നിവരറിവീല !"
-കവി, മൈക്കലാഞ്ജലോയോട് മാപ്പു ചോദിക്കുന്നതെന്തുകൊണ്ടാവാം? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

## പാർട്ട് IV

### A വിഭാഗം

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(4 സ്കോർ വീതം.)** **(2 X 4 = 8)**

18. *"ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ
ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
വെന്തുവെണ്ണീറായ് ചമഞ്ഞു പോയീടിലാം.
മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം " (ലക്ഷ്മണസാന്ത്വനം)
* " ഇതു തന്നെയാണ് മനുഷ്യന്റെ വിധി. രാജാവായിട്ടും ഞാൻ വീണു. "
(യുദ്ധത്തിന്റെ പരിണാമം)

-തന്നിരിക്കുന്ന സന്ദർഭങ്ങളിലെ ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

19. "ഗോത്രാദിയൊന്നമറിയാതെയെനിക്കിവന്റെ
ഗാത്രങ്ങളിൽത്തൊട്ടുകയാൽ സുഖമിത്ര മാത്രം.
എത്രയ്ക്ക വേണമിവനെ പ്രതിപത്തിയോടെ
പുത്രത്വമോർത്തു പുണരുന്നൊരു പുണ്യവാന്ന് "
ഈ വരികളിൽ തെളിയുന്ന ദുഷ്ഷന്തന്റെ മാനസികാവസ്ഥ എന്തെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

20. 'അമ്മ തന്നെ വളർത്തണം. ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ.'
മിസിസ്സ് തലത്തിന്റെ ഈ അഭിപ്രായത്തോടു പ്രതികരിച്ച് കുറിപ്പ് തയാറാക്കുക.

**B വിഭാഗം**

**21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(4 സ്കോർ.)** **(1 x 4= 4 )**

21. "എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു.' (അക്കർമാശി - ശരൺകുമാർ ലിംബാളെ)

"ജീവിതയാത്രയിൽ സത്യം ചെക്കുബുക്കിനേക്കാൾ ഉപകരിക്കും "
(കണ്ണീരും കിനാവും - വി.ടി.ഭട്ടതിരിപ്പാട്)

-സത്യത്തെക്കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

22. "പിന്നെ ഒരു പരന്ന പാത്രത്തിൽ, പുഴുങ്ങിയ ഉരുളക്കിഴങ്ങുകൾ കൊണ്ടുവന്ന് മേശപ്പുറത്ത് പതുക്കെ വച്ചു.മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖംപൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞു പറിഞ്ഞ്....കിഴവൻ മിറൽ ദീർഘമായി നിശ്വസിച്ചു. "
തന്നിരിക്കുന്ന വരികൾ ജൂലിയാനയുടെ കുടുംബത്തിന് സംഭവിച്ചിരിക്കുന്ന ദുരന്തത്തിന്റെ സൂചന നല്കുന്നുണ്ടോ? ലഘുകുറിപ്പെഴുതുക.

## PART- V

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(5 സ്കോർ.)** **(1 x 5 = 5)**

23. " വികാരസാന്ദ്രമായ ഭാഷയാണ് കടൽത്തീരത്ത് എന്ന കഥയുടെ ജീവൻ ."
പ്രസ്താവനയെ മുൻനിർത്തി കടൽത്തീരത്ത് എന്ന ചെറുകഥയ്ക്ക് ഒരാസ്വാദനം തയാറാക്കുക

24. "മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തുകാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്നു തീർത്തു പറയാൻ സംശയിക്കേണ്ടതില്ല...
ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല, നടക്കാനിരിക്കുന്ന കഥകൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു."
കുട്ടികൃഷ്ണമാരാരുടെ ഈ നിരീക്ഷണങ്ങളും സമകാലിക ലോകസാഹചര്യങ്ങളും പരിഗണിച്ച് 'യുദ്ധം: കാലാതീതമായ വിപത്ത്' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

**********************#####*************************